KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

## Kerala Pavilion at GulFood opens at Dubai World Trade Centre tomorrow (Monday)

**Thiruvananthapuram, Feb. 18:** Kerala will showcase the state's leading brands before a global audience of policymakers and industry leaders at the five-day GulFood 2024, considered as one of the world's largest food and beverage sourcing event, that opens at the World Trade Centre in Dubai on Monday.

The Kerala Pavilion is set up by the Kerala State Industrial Development Corporation Limited (KSIDC), at Z-CP22 – Zabeel Plaza at this 19th edition of GulFood 2024.

The pavilion will showcase the burgeoning opportunities in Kerala's food sector and will feature as co-exhibitors, some of Kerala's success stories from the segment – Beecraft Honey, Cremberie Yoghurt, Foo Foods, Glenview Tea, Global Natural Food Processing Company, Harrisons Malayalam, Malabar Natural Foods, Manjilas Food Tech, Nasfood Exim, Pavizham Rice, Protech Organo and Veliyath Food Products.

The KSIDC is also holding an investor conclave that focuses on the theme, Kerala - the Spice Capital of India, at 7 pm on Wednesday at the Ritz Carlton Dubai on the sidelines of GulFood, the largest food and beverage sourcing event where visitors from 190 countries are expected.

Ambassador of India to the United Arab Emirates, H.E. Sunjay Sudhir; Shri Saleh Abdullah Lootah, Chairman, Food & Beverage Manufacturing Business Group, UAE; Shri Suman Billa, Principal Secretary (Industries and NORKA) and Shri S Harikishore, MD, KSIDC and Director, Industries and Commerce, Kerala will participate in the conclave.

"The investor meet will discuss opportunities in Kerala's food sector, particularly in the spices sector as well as niche segments such as seafood processing, ready-to-eat food products, coconut and jackfruit," Shri Harikishore said.

"With food and food tech as a priority sunrise sector for development, the government is creating an enabling environment that encourages both domestic and foreign investors to participate in the state's burgeoning food ecosystem", he added.

As part of the Industrial Policy 2023, Kerala has brought a slew of fiscal incentives, providing a much-needed impetus to the sunrise sectors.

The state contributes significantly to India's agricultural output - 97% of pepper, 70% of its cocoa, and substantial shares in coffee, cashew, coconut, and seafood processing.

KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **18.02.2024**

## ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യമേളയിൽ തനത് വിഭവങ്ങളുമായി കേരളവും

- **ദുബായിലെ ഗൾഫുഡ് 2024 മേളയ്ക്ക് ഇന്ന് (തിങ്കളാഴ്ച) തുടക്കം**

**തിരുവനന്തപുരം:** ഭക്ഷ്യവസ്തുക്കളുടെയും ആസ്വാദ്യകരമായ പാനീയങ്ങളുടെയും ലോകത്തിലെ ഏറ്റവും വലിയ പ്രദർശന വിപണന മേളയിൽ വൈവിധ്യമാർന്ന തനത് വിഭവങ്ങളുമായി കേരളവും. ഇന്ന് മുതൽ ദുബായിൽ നടക്കുന്ന ഗൾഫുഡ് 2024 മേളയിൽ കേരളത്തിലെ സംരംഭകർ വ്യത്യസ്തതയാർന്ന തങ്ങളുടെ സംരംഭങ്ങളുമായി കേരള പവലിയനിൽ അണിനിരക്കും. ദുബായിലെ വേൾഡ് ട്രേഡ് സെന്ററിലാണ് നാല് ദിവസത്തെ മേള സംഘടിപ്പിച്ചിരിക്കുന്നത്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ഐഡിസി) യാണ് ഗൾഫുഡ് 2024 ന്റെ 19-ാമത് മേളയിൽ കേരള പവലിയൻ (ഇസഡ്-സിപി 22- സബീൽ പ്ലാസ) സ്ഥാപിച്ചിരിക്കുന്നത്. 190 ലധികം രാജ്യങ്ങളിൽ നിന്ന് സന്ദർശകർ മേളയ്ക്കെത്തും.

ക്രെംബെറി യോഗർട്ട്, പ്രോട്ടെക് ഓർഗാനോ, പവിഴം അരി, മഞ്ഞിലാസ് ഫുഡ് ടെക്, വെളിയത്ത് ഫുഡ് പ്രോഡക്ട്സ്, നാസ്ഫുഡ് എക്സിം, ഗ്ലെൻവ്യൂ തേയില, ഫൂ ഫുഡ്സ്, ബീക്രാഫ്റ്റ് തേൻ, ഗ്ലോബൽ നാച്ചുറൽ ഫുഡ് പ്രോസസിംഗ് കമ്പനി, ഹാരിസൺസ് മലയാളം, മലബാർ നാച്ചുറൽ ഫുഡ്സ് തുടങ്ങിയ കേരളത്തിലെ വളർന്നുവരുന്ന ഭക്ഷ്യമേഖലയിലെ സംരംഭകരുടെ ഉത്പന്നങ്ങൾ പവലിയനിൽ പ്രദർശനത്തിനുണ്ട്.

'കേരളം- ഇന്ത്യയുടെ സുഗന്ധവ്യഞ്ജന തലസ്ഥാനം' എന്ന പ്രമേയം കേന്ദ്രീകരിച്ചുള്ള നിക്ഷേപക സംഗമവും 21 ബുധനാഴ്ച വൈകുന്നേരം 7 ന് ദുബായിലെ റിറ്റ്സ് കാൾട്ടണിൽ കെഎസ്ഐഡിസി സംഘടിപ്പിച്ചിട്ടുണ്ട്.

യുണൈറ്റഡ് അറബ് എമിറേറ്റ്സിലെ ഇന്ത്യൻ അംബാസഡർ ഹിസ് എക്സലൻസി സഞ്ജയ് സുധീർ, യുഎഇ യിലെ ഫുഡ് ആൻഡ് ബിവറേജ് മാനുഫാക്ചറിംഗ് ബിസിനസ് ഗ്രൂപ്പ് ചെയർമാൻ ഹിസ് എക്സലൻസി സാലിഹ് അബ്ദുള്ള ലൂത്ത, നോർക്ക-വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, കെഎസ്ഐഡിസി എംഡിയും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ എന്നിവർ സംഗമത്തിൽ പങ്കെടുക്കും.

കേരളത്തിലെ ഭക്ഷ്യമേഖലയെയും പ്രത്യേകിച്ച് സുഗന്ധവ്യഞ്ജനവുമായി ബന്ധപ്പെട്ടും തേങ്ങ, ചക്ക, സമുദ്രോത്പന്ന ഭക്ഷ്യസംസ്കരണം തുടങ്ങിയ പ്രധാനപ്പെട്ട വിഭവങ്ങളുടെ മേഖലയിലെ അവസരങ്ങളെ സംബന്ധിച്ചും നിക്ഷേപക സംഗമം ചർച്ച ചെയ്യുമെന്ന് ഹരികിഷോർ പറഞ്ഞു.

ഭക്ഷണവും ഭക്ഷ്യ സാങ്കേതികവിദ്യയും വികസനത്തിന് പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്തിന്റെ മുന്നോട്ട് കുതിക്കുന്ന ഭക്ഷണ ആവാസവ്യവസ്ഥയിൽ പങ്കാളികളാകാൻ ആഭ്യന്തര-വിദേശ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2023 ലെ വ്യാവസായിക നയത്തിന്റെ ഭാഗമായി സൂര്യോദയ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി സാമ്പത്തിക ആനുകൂല്യങ്ങളാണ് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നത്. ഇന്ത്യയുടെ കാർഷിക ഉത്പാദനത്തിൽ സംസ്ഥാനം ഗണ്യമായ സംഭാവനയാണ് നൽകുന്നത്. കുരുമുളക്-97 ശതമാനം, കൊക്കോ, നാളികേരം, കശുവണ്ടി, സംസ്കരിച്ച സമുദ്രോത്പന്നങ്ങൾ എന്നിവയിൽ 70 ശതമാനത്തോളവും കേരളത്തിന്റെ സംഭാവനയാണ്.